<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2612**</u> <u>**04-03-2025 - ൽ മറുപടിയ്ക്ക്**</u>

<u>**വൈദ്യുതി ചാർജ്ജ് കുടിശിക**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണ് എന്നറിയിക്കുമോ; | (എ) | 31.12.2024-ലെ ആഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം സംസ്ഥാനത്തെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ 2164.06 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട്. അവയുടെ ഇനം തിരിച്ചുള്ള കണക്കുകൾ **അനുബന്ധമായി** ചേർത്തിട്ടുണ്ട്. |
| (ബി) | ഇത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈയിനത്തിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | കുടിശ്ശിക തുക ഈടാക്കുന്നതിനായ കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയു വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും. അതിനു ശേഷ ഉപഭോക്താക്കളുടെ സെക്യൂരിറ്റ് ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറ നടപടികൾക്കായി ശുപാർശ നല്കുകയു ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERCയുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽ നിന്നു KSEBL കുടിശ്ശിക ഈടാക്കുവാൻ നടപട സ്വീകരിച്ചിരുന്നു. 2016, 2018, 2019, 2021 2022, 2023 വർഷങ്ങളിൽ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി KSEBL നടപ്പിലാക്കിയിരുന്നു.<br><br>KSERC യുടെ അനുമതിക്കനുസൃതമായ പലിശയിനത്തിൽ ഇളവുകൾ നൽകിയു ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്കു വിധേയമായ കുടിശ്ശിക മുതലിനു തന്നെ തവണകൾ |

| | | | |
|---|---|---|---|
| | | | നൽകിയും ഉപഭോക്താക്കൾക്ക് പരമാവധ പ്രയോജനപ്പെടുന്നവിധവും പരമാവധ കുടിശ്ശിക പിരിച്ചെടുക്കത്തക്ക വിധവുമാണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്ക വരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറ നടപടികൾക്ക് ശുപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധത ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാര നൽകിയിട്ടുണ്ടായിരുന്നു.<br><br>കൂടാതെ 2020 ജനുവരി, ഫെബ്രുവര മാസങ്ങളിൽ ബഹു മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നടന്ന വൈദ്യുതി അദാലത്തുകളിലും വൈദ്യുത കുടിശ്ശിക സംബന്ധിച്ച പരാതികള സ്വീകരിക്കുന്നതിനും അവ ഈടാക്കുന്നതിനുമുള്ള നടപടികളു സ്വീകരിച്ചിരുന്നു.<br><br>എച്ച്.റ്റി. ഉപഭോക്താക്കളുടെ വൈദ്യുത ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന്റെ ഭാഗമായി വൈദ്യുതി ചാർജ്ജ് യഥാസമയ ഒടുക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുത ബന്ധം മുൻനോട്ടീസിനനുസൃതമായ വിച്ഛേദിക്കുന്നു.<br><br>കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ വിവരങ്ങൾ ശേഖരിച്ച് വരുന്നു. |
| (സി) | ഈ ഇനത്തിൽ കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പേരുവിവരങ്ങൾ, തുക എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കാമോ? | (സി) | വിവരം ശേഖരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**31.12.2024-ലെ ആഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം സംസ്ഥാനത്തെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക.**

| ഇനം | തുക കോടി രൂപയിൽ |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 74.94 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ | 617.10 |
| പൊതു സ്ഥാപനങ്ങൾ | 22.56 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 3.42 |
| കേന്ദ്രസർക്കാർ വകുപ്പുകൾ | 1.67 |
| കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | 37.40 |
| ഗാർഹികം | 318.69 |
| സ്വകാര്യ സ്ഥാപനങ്ങൾ | 1012.29 |
| കാപ്റ്റീവ് പവർ പ്ലാന്റ്സ് | 59.34 |
| അന്തർ സംസ്ഥാന സ്ഥാപനങ്ങൾ | 2.84 |
| ലൈസൻസി | 13.67 |
| മറ്റിനം | 0.14 |
| **ആകെ** | **2164.06** |

**സെക്ഷൻ ഓഫീസർ**